No. 2009/781 Dated: 08.12.2009 ***Latin Archdiocese of Trivandrum, Vellayambalam***

# വിജ്ഞാപനം

വന്ദ്യ വൈദികരേ, പ്രിയമക്കളേ,

വിദ്യാഭ്യാസ ശുശ്രൂഷയെക്കുറിച്ചുള്ള സാർവ്വത്രിക സഭയുടെയും ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെയും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെയും മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് നാം തയ്യാറാക്കിയ ''വിദ്യാഭ്യാസ ശുശ്രൂഷ നയരേഖ'' 2009 ഫെബ്രുവരി മാസം 2-ാം തിയതി മുതൽ പ്രാബല്യത്തിൽ വരികയുണ്ടായി. ഏതാണ്ട് രണ്ടുകൊല്ലക്കാലം ആധികാരികമായ രേഖകൾ പഠിക്കുകയും ഉത്തരവാദിത്വപ്പെട്ട എല്ലാവരുമായി ബന്ധപ്പെടുകയും വിദഗ്ധരുടെ അഭിപ്രായങ്ങൾ ആരായുകയും അതിരൂപതയുടെ ഔദ്യോഗിക വേദികളിലെല്ലാം ചർച്ച ചെയ്യുകയും ചെയ്ത ശേഷമാണ് ഈ നയരേഖ നാം പുറപ്പെടുവിച്ചിട്ടുള്ളത്. ഈ നയരേഖയനുസരിച്ചുള്ള പുതിയ നിയമന പട്ടിക ഇപ്പോൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

ഇതോടനുബന്ധിച്ച ചില യാഥാർത്ഥ്യങ്ങൾ നിങ്ങൾ മനസ്സിലാക്കിയിരിക്കുന്നത് ഉചിതമാണെന്നു കരുതുന്നു. അതിരൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിൽ 17 എൽ.പി. സ്കൂളും 4 യു.പി. സ്കൂളുകളും 2 ഹൈസ്ക്കൂളുകളും, 5 ഹൈയർ സെക്കണ്ടറി സ്കൂളുകളുമാണുള്ളത്. ഇവയിൽ ഇപ്പോൾ ഏകദേശം 569 അദ്ധ്യാപകരും അനദ്ധ്യാപകരും സേവനം അനുഷ്ഠിച്ചുവരുന്നു. ഇവരിൽ 131 പേർ എൽ.പി. സ്കൂളുകളും 119 പേർ യു.പി. സ്കൂളുകളിലും 123 പേർ ഹൈസ്കൂളുകളിലും 89 പേർ ഹൈയർ സെക്കണ്ടറി സ്കൂളുകലിലും ജോലി ചെയ്യുന്നവരാണ്. ഇവർക്ക് പുറമേ 28 പ്രഥമ അദ്ധ്യാപകരും 5 പ്രിൻസിപ്പൽമാരും 23 സ്പെഷ്യൽ അദ്ധ്യാപകരും 56 അനദ്ധ്യാപകരുമുണ്ട്. കോർപ്പറേറ്റ് മാനേജ്മെന്റിലെ 28 സ്കൂളുകളിലായി ആകെ 14,769 കുട്ടികൾ പഠിക്കുന്നു.

വളരെ കുറച്ചു ഒഴിവുകളേ നമ്മുടെ വിദ്യാലയങ്ങളിൽ ഉണ്ടാകാറുള്ളൂ. ഉദാഹരണത്തിന് കഴിഞ്ഞ 5 അദ്ധ്യായന വർഷങ്ങളിൽ വിരമിച്ചവർ 66 പേരാണ്; അതായത് ഒരു കൊല്ലം ശരാശരി 13 ഒഴിവുകളാണ് നമുക്കു ലഭിച്ചത്. ഇനി വരുന്ന വർഷങ്ങളിൽ അതിലും കുറച്ചു ഒഴിവുകൾ മാത്രമാണ് നമുക്കുള്ളത്. നടപ്പുവർഷമുൾപ്പെടെ ഇനിയുള്ള വരുന്ന 5 വർഷങ്ങളിൽ വിരമിക്കാൻ പോകുന്നവർ വെറും 48 പേർ മാത്രമാണ്. അതായത് പ്രതിവർഷം ശരാശരി 9 ഒഴിവുകൾ വരും. എവിടെയെന്നില്ലാതെ സംഭവിക്കുന്ന ഡിവിഷൻ ഫാളും പുതിയ നിയമനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. ഇതുകൂടാതെ നമ്മുടെ 7 സ്കൂളുകൾ ഏതു നിമിഷത്തിലും അടച്ചു പൂട്ടാവുന്ന സ്ഥിതിയിലുമാണ്. ഇങ്ങനെ നോക്കിയാൽ ഓരോ കൊല്ലവും വിരലിലെണ്ണാവുന്ന പുതിയ നിയമനങ്ങളേയുള്ളൂ. ഇതിനായി നിലവിലുള്ള ലിസ്റ്റിൽത്തന്നെ കാത്തിരിക്കുന്നത് 700-റോളം ഉദ്യോഗാർത്ഥികളാണ്.

ഈ പശ്ചാത്തലത്തിൽ നമ്മുടെ ഉദ്യോഗാർത്ഥികളുടെ സ്വപ്നങ്ങളെയും ഭാവിയേയും കോർപ്പറേറ്റ് സ്കൂളുകളിൽ വരുവാനിരിക്കുന്ന വിരളമായ ഒഴിവുകളിൽ തളച്ചിടാതെ മറ്റു മേഖലകളിലെ തൊഴിലവസരങ്ങൾ കണ്ടെത്തുവാൻ നമുക്ക് ഒരു കൂട്ടായ ശ്രമം നടത്തേണ്ടിയിരിക്കുന്നു. ഇതിനായി സാദ്ധ്യമായ എല്ലാ ഒത്താശകളും ഒരുക്കങ്ങളും ചെയ്തുതരാൻ അതിരൂപതാ വിദ്യാഭ്യാസ ശുശ്രൂഷാ സമിതി എപ്പോഴും ഉദ്യോഗാർത്ഥികളോടൊപ്പമുണ്ടായിരിക്കും.

ഉദ്യോഗാർത്ഥികളുടെ ജോലി സാദ്ധ്യതകളെക്കാൾ കൂടുതൽ പ്രാധാന്യം കുട്ടികളുടെ പഠന നിലവാരത്തിനു നൽകണമെന്നാണ് വിദ്യാഭ്യാസ ശുശ്രൂഷയെക്കുറിച്ചുള്ള സഭയുടെ മാർഗ്ഗരേഖകൾ വളരെ കർശനമായി നമ്മോട് ആവശ്യപ്പെടുന്നത്. കുട്ടികളെ അവഗണിച്ചുകൊണ്ട് വിദ്യാലയങ്ങളെ ഏതാനും പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ചു കൊടുക്കാനുള്ള വേദികളായി മാറ്റുന്ന പ്രവണതയെ സഭയുടെ മാർഗ്ഗരേഖകൾ അങ്ങേയറ്റം നിരുത്സാഹപ്പെടുത്തുന്നു. അദ്ധ്യാപകരുടെ ബൗദ്ധികമായ കഴിവുകളും സ്വഭാവ സവിശേഷതകളും അർപ്പണ മനോഭാവവും വിദ്യാഭ്യാസത്തിലും വിദ്യാർത്ഥികൾ ഉന്നം വയ്ക്കുന്ന സമഗ്രമായ പരിശീലനം നേടിയെടുക്കാനും വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുവാനും ഏറെ സഹായിക്കും. ഇതിനുവേണ്ടിയുള്ള ശക്തമായ നടപടികളുമായി മുന്നോട്ടു പോകുവാൻ ഉത്തരവാദിത്വപ്പെട്ടവരും ഹൃദയവിശാലതയോടെ ഏതു ത്യാഗവും സഹിക്കുവാൻ ഉദ്യോഗാർത്ഥികളും മുന്നോട്ടു വരണം.

ഈ പശ്ചാത്തലത്തിലാണ് അതിരൂപതാ ''വിദ്യാഭ്യാസ ശുശ്രൂഷ നയരേഖ'' അനുശാസിക്കുന്ന പുതിയ അദ്ധ്യാപക ലിസ്റ്റ് ശ്രദ്ധേയമാകുന്നത്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുവാൻ നിലവിലുള്ള ലിസ്റ്റിലെ അർത്ഥികളും അപേക്ഷിക്കേണ്ടതാണ്. 2010 മുതൽ 2013 (2010-2011; 2011-2012; 2012-2013) വരെ കോർപ്പറേറ്റ് മാനേജ്മെന്റിലെ സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ പുതിയ ലിസ്റ്റിൽ നിന്നായിരിക്കും നിയമനം നടത്തേണ്ടത്.

പുതിയ അദ്ധ്യാപക നിയമന ലിസ്റ്റ് തയ്യാറാക്കൽ പ്രക്രിയ കുറഞ്ഞത് മൂന്നു മാസദൈർഘ്യമെങ്കിലും ഉള്ളതായിരിക്കുമെന്ന് കരുതുന്നു. നിഷ്പക്ഷതയും നീതിയും ഉറപ്പുവരുത്തുന്ന വിദഗ്ദ്ധ സമിതിയായിരിക്കും ഈ പ്രക്രിയയെ മുഴുവൻ നിയന്ത്രിക്കുന്നതും സഹായിക്കുന്നതും. അപേക്ഷ വിതരണവും സ്വീകരണവും ജനുവരി 02-ാം തിയതിയിൽ പൂർത്തിയാകുന്നു. അതോടൊപ്പം ഫെബ്രുവരി മാസത്തോടുകൂടി എഴുത്തുപരീക്ഷയും Interview-വും Demonstration-നും പൂർത്തീകരിച്ച് മാർച്ച് പകുതിയോടു കൂടി ഫൈനൽ ലിസ്റ്റ് തയ്യാറാക്കും.

രൂപതാ നിയമന ലിസ്റ്റ് തയ്യാറാക്കുന്ന അവസരത്തിൽ ഉദ്യോഗാർത്ഥികളുടെ ഇടവക പ്രവർത്തനപങ്കാളിത്തം, അദ്ധ്യാപന പരിചയം, കൂടുതൽ വിദ്യാഭ്യാസ യോഗ്യതകൾ, വ്യക്തിത്വമികവ്, ഇന്റർവ്യൂവിലെ മികവ്, പാഠ്യേതര പ്രവർത്തനങ്ങൾ, കമ്പ്യൂട്ടർ സാക്ഷരത എന്നിവകൾക്ക് പ്രത്യേക പരിഗണനകൾ നൽകുന്നതാണ്. ഇവയ്ക്കോരോന്നിനും ലഭിക്കുന്ന മാർക്കുകൾ ചുവടെ സൂചിപ്പിക്കും പ്രകാരമായിരിക്കും. (നയരേഖ 10.6).

| ക്രമ നമ്പർ | യോഗ്യതകൾ | ലഭ്യമാകുന്ന മാർക്ക് (%) |
|---|---|---|
| 1 | യോഗ്യതാ പരീക്ഷയിലെ മാർക്ക്<br>(a) അടിസ്ഥാനയോഗ്യത<br>(b) വിദ്യാഭ്യാസ പരിശീലന യോഗ്യത | <br>30<br>10 |
| 2 | അധിക വിദ്യാഭ്യാസ യോഗ്യതകൾ:<br>TTC-Degree (1), PG (2), B.Ed. (2), B.Ed-PG (1), M.Phil or M.Ed. (2), Ph.D (2) | 1-5 |
| 3 | അദ്ധ്യാപന പരിചയം | 1-5 |
| 4 | (a) പാഠ്യേതര പ്രവർത്തനങ്ങൾ<br>സംസ്ഥാന ദേശീയതല സർട്ടിഫിക്കറ്റുകൾ 1+2<br>(b) കമ്പ്യൂട്ടർ സാക്ഷരത (ആറ് മാസത്തിൽ കുറയാത്ത കോഴ്സ്) | <br>3<br>2 |
| 5 | (a) മതബോധന സർട്ടിഫിക്കറ്റ്<br>(b) മതബോധന അദ്ധ്യാപനം<br>(c) വിവിധ ശുശ്രൂഷാ ഭാരവാഹിത്തം (2 വർഷത്തിൽ കുറയാത്ത കാലയളവ്) | 2<br>1<br>2 |
| 6 | എഴുത്തുപരീക്ഷ | 10 |
| 7 | ഇന്റർവ്യൂവിലെ വിഷയ മികവും വ്യക്തിത്വ മികവും | 20 |
| 8 | അദ്ധ്യാപന പ്രായോഗിക ടെസ്റ്റ് | 10 |
| | **ആകെ** | **100** |

അപേക്ഷ വാങ്ങാനും സമർപ്പിക്കാനും വരുമ്പോൾ അപേക്ഷകർ നേരിട്ട് വരുന്നത് അഭികാമ്യം. അപേക്ഷകർക്ക് ഏതെങ്കിലും ഘട്ടത്തിൽ സംശയങ്ങൾ ഉണ്ടാകുന്ന പക്ഷം അത് സാധ്യമായ രീതിയിൽ പരിഹരിക്കുവാൻ വിദ്യാഭ്യാസ ആഫീസിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്. ഇതിനോടൊപ്പമുള്ള അറിയിപ്പ് ഇന്നും (13.12.2009), വരുന്ന ഞായറാഴ്ചയും അടുത്ത ഞായറാഴ്ചകളിലും പള്ളികളിൽ വായിച്ച് രൂപത അംഗങ്ങൾക്ക് അറിവുപകരേണ്ടതാണ്. രൂപത മക്കളുടെ വളർച്ചയ്ക്കും സ്കൂളുകളുടെ നന്മയ്ക്കും നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവിക്കും എല്ലാവരുടെയും സഹകരണം ആവശ്യപ്പെടുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

† സൂസപാക്യം എം.
തിരുവനന്തപുരം മെത്രാപ്പോലീത്ത

## പുതിയ നിയമന പട്ടിക - അറിയിപ്പ്

തിരുവനന്തപുരം അതിരൂപത വിദ്യാഭ്യാസ ബോർഡിനു വേണ്ടി പുതിയ അദ്ധ്യാപക നിയമന പട്ടിക തയ്യാറാക്കുന്ന പ്രക്രിയ പരസ്യപ്പെടുത്തുന്ന തിരുവനന്തപുരം അതിരൂപത വിജ്ഞാപനം:

31.03.2009-ൽ നമ്പർ 2009/139 ആയി നാം (തിരുവനന്തപുരം അതിരൂപത മെത്രാപ്പൊലീത്ത പുറപ്പെടുവിച്ച 'വിദ്യാഭ്യാസ ശുശ്രൂഷ നയരേഖ തിരുവനന്തപുരം' പ്രകാരം ഇപ്പോൾ നിലവിലുള്ള സീനിയോരിറ്റി ലിസ്റ്റ് പുനഃക്രമീകരിക്കുന്നതും X.6-ൽ പറയുന്ന മാനദണ്ഡപ്രകാരം പുതിയ ലിസ്റ്റ് തയ്യാറാക്കുന്നതുമാണ്. ഇതിൻ പ്രകാരം ലിസ്റ്റ് തയ്യാറാക്കുന്നതും നിയമനങ്ങൾ നടത്തുന്നതും 2010 മുതലായിരിക്കും (നയരേഖ 10. 7).

**പുതിയ പട്ടിക തയ്യാറാക്കൽ സമയക്രമം:**

1. **അറിയിപ്പ് പള്ളികളിൽ വായിക്കേണ്ടത്:** ഡിസംബർ 13, 20, 27 എന്നീ ഞായറാഴ്ചകളിൽ
2. **അപേക്ഷ വെള്ളയമ്പലത്തുള്ള വിദ്യാഭ്യാസ ആഫീസിൽ നിന്നും** ഡിസംബർ 14 മുതൽ 31 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ ലഭ്യമാണ്.
3. **അപേക്ഷ ഫാറം:** പുതിയ അപേക്ഷകർ 100 രൂപ ഒടുക്കിയും നിലവിലുള്ള പട്ടികയിലുള്ളവർ 50 രൂപ ഒടുക്കിയും വാങ്ങേണ്ടതാണ്.
4. **പൂരിപ്പിച്ച അപേക്ഷ:** വിദ്യാഭ്യാസ ആഫീസിൽ സമർപ്പിക്കേണ്ട അവസാന തിയതി 2010 ജനുവരി 2-ാം തിയതി ശനിയാഴ്ച വരെ.
5. **അപേക്ഷയിലെ തെറ്റുകൾ തിരുത്താനുള്ള അവസാന അവസരം:** ജനുവരി 12-ാം തിയതി ചൊവ്വാഴ്ച.
6. **എഴുത്തു പരീക്ഷ:** ജനുവരി 16-ാം തിയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂൾ, പാളയം.
7. **Interview-വും Demonstration-നും**: ജനുവരി 27 മുതൽ ഫെബ്രുവരി 2-ാം തിയതി വരെ.
8. അയോഗ്യമാക്കപ്പെട്ട അറിയിപ്പ് ലഭിച്ചിട്ടില്ലെങ്കിൽ ക്രമമായി നടക്കുന്ന എഴുത്തു പരീക്ഷ, Interview, Demonstration എന്നിവയിൽ അപേക്ഷകർ പങ്കെടുക്കേണ്ടതാണ്.
9. **ലിസ്റ്റ് പ്രസിദ്ധീകരിക്കൽ:** താൽക്കാലിക ലിസ്റ്റ് മാർച്ച് 1-ാം തിയതി, അന്തിമ ലിസ്റ്റ് മാർച്ച് 12-ാം തിയതി.

ഫാ. പങ്ക്രേഷ്യസ്
ഡയറക്ടർ, വിദ്യാഭ്യാസ ശുശ്രൂഷ